**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4514** **06-03-2023 - ൽ മറുപടിയ്ക്ക്**

**സർഫാസി ആക്റ്റ് പ്രകാരമുള്ള ജപ്തി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സർഫാസി ആക്റ്റ് പ്രകാരമുള്ള ജപ്തി നടപടികളിൽ സർക്കാരിന് ഇടപെട്ട് തിരിച്ചടവ് തുക തവണകളാക്കി സാവകാശം നൽകാൻ സാധിക്കുമോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | സർഫാസി ആക്റ്റ് പ്രകാരമുള്ള ജപ്തി നടപടികളിൽ സർക്കാരിന് ഇടപെട്ട് തിരിച്ചടവ് തുക തവണകളാക്കി സാവകാശം നൽകുന്നതിന് സാധിക്കുകയില്ല. |
| (ബി) | കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി ഒറ്റ തവണ ലോൺ തിരിച്ചടക്കുമ്പോൾ ഓരോ സഹകരണ സ്ഥാപനത്തിനും വായ്പക്കാരന് നൽകാൻ കഴിയുന്ന ഇളവുകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖലയിൽ നവകേരളീയം കുടിശ്ശിക നിവാരണം (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023) നടപ്പിലാക്കിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസിംഗ് സഹകരണ സംഘങ്ങൾ, സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ ഒഴികെ സഹകരണ സംഘം രജിസ്ട്രാറിന് കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയ്ക്ക് നൽകാൻ കഴിയുന്ന ഇളവുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• **50,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ**<br><br>1. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകൾ ബാക്കി നിൽപ്പ് മുതൽത്തുക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.<br>2. അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽത്തുകയും പലിശയുടെ 50% ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.<br>3. അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്. |

4. അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായതും 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 30% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

- **<u>50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ</u>**

1. പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.
2. പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.

- **<u>2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള വായ്പകൾക്ക് നൽകാവുന്ന ഇളവുകൾ</u>**

2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള വായ്പകളിന്മേൽ പരമാവധി 40 % വരെ പലിശയിൽ ഇളവു നൽകാവുന്നതാണ്.

പ്രസ്തുത പദ്ധതി പ്രകാരം കുടിശ്ശിക തീർപ്പാക്കലിന്റെ ഭാഗമായി ഒറ്റത്തവണ ലോൺ തിരിച്ചടയ്ക്കുമ്പോൾ പിഴപലിശ പൂർണ്ണമായും ഒഴിവാക്കുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പയിന്മേൽ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു.

**<u>കേരള ബാങ്കിലെ പദ്ധതി</u>**

- മരണപ്പെട്ടവർ / മാരകരോഗം ബാധിച്ചവർ, അപകടം മൂലം ശയ്യാവലംബർ ആയവർ, നിരാലംബർ എന്നിവരുടെയും മാതാപിതാക്കളുടെ മരണം മൂലം അവർ എടുത്ത വായ്പകൾ തങ്ങളുടെ ബാധ്യത ആയിട്ടുള്ളതുമായ വായ്പകൾ

| | |
|---|---|
| 1. | വായ്പാ തുക 5 ലക്ഷം വരെയുള്ള വായ്പകളിൽ ഈടാക്കുവാനുള്ള പലിശ പൂർണ്ണമായും ഇളവ് ചെയ്ത്, മുതൽ മാത്രം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുവാൻ അനുവദിക്കാവുന്നതാണ്. |
| 2. | 5 ലക്ഷത്തിനുമുകളിലും 25 ലക്ഷം രൂപ വരെയുള്ള |

| | |
|---|---|
| | വായ്പകളിൽ മുതലും ഈടാക്കുവാനുള്ള പലിശയുടെ 50%-വും മാത്രം ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിയ്ക്കുവാൻ വായ്പാക്കാരുടെ അനന്തര അവകാശികളെ/വായ്പാക്കാരെ അനുവദിക്കാവുന്നതാണ്. |
| 3. | 25 ലക്ഷത്തിനുമുകളിൽ 50 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും ഈടാക്കുവാനുള്ള പലിശയുടെ 70%-വും മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിയ്ക്കുവാൻ വായ്പക്കാരുടെ അനന്തര അവകാശികളെ/വായ്പാക്കാരെ അനുവദിക്കാവുന്നതാണ്. |

- **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യതൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള വായ്പകൾ**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, മത്സ്യ-തൊഴിലാളികൾ എന്നിവർ എടുത്തിട്ടുള്ള 1,00,000/-(ഒരു ലക്ഷം)രൂപ വരെയുള്ള കാലാവധി കഴിഞ്ഞ വായ്പകളുടെ മുതൽ മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- **പ്രളയബാധിതരുടെ വായ്പകൾ:- (സർക്കാർ ധനസഹായം 10,000/-രൂപ ലഭിച്ചിട്ടുള്ള വായ്പക്കാർക്ക് മാത്രം)**

മുതലും ഈടാക്കാനുള്ള പലിശയുടെ 50% വും മാത്രം അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- **കുടിശ്ശിക വായ്പകൾ (സെക്യേർഡ് & അൺസെക്യേർഡ്)**

1. 25,000/-രൂപ വരെ മുതൽത്തുക ബാക്കി നിൽപ്പുള്ളതും 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായി നിൽക്കുന്നതുമായ വ്യക്തിഗത വായ്പകളിലെ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കി കണക്കവസാനിപ്പിക്കാവുന്നതാണ്.
2. 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപയ്ക്ക് മുകളിൽ 50,000/-രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽത്തുകയും പലിശയുടെ 50%-ഉം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- **കുടിശ്ശിക വായ്പകൾ (സെക്യേർഡ്)**

1. കാലാവധി പൂർത്തിയാകാത്ത കുടിശ്ശികയായ വായ്പകളിൽ കുടിശ്ശിക പൂർണ്ണമായി അടച്ചു തീർക്കുന്ന വായ്പാക്കാർക്ക് പിഴപ്പലിശ ഒഴിവാക്കി വായ്പ ക്രമപ്പെടുത്താവുന്നതാണ്.

2. കാലാവധി കഴിഞ്ഞതും/കുടിശ്ശികയായതുമായ (ക്യാഷ് ക്രെഡിറ്റ്, ഓവർ ഡ്രാഫ്റ്റ് ഒഴികെയുള്ള)വായ്പകളിൽ വായ്പ എടുത്തപ്പോഴുള്ള പലിശനിരക്കോ (ബോണ്ട് റേറ്റ്)നിലവിലെ പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ കണക്കാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്. 2 ലക്ഷം രൂപ വരെയുള്ള വായ്പകളിൽ മുതലും, മുതലിനു തുല്യം പലിശയിലും, 2 ലക്ഷത്തിനു മുകളിൽ മുതലും മുതലിനു തുല്യം പലിശയും അതിനുശേഷം മുതലിനെ അധികരിക്കുന്ന പലിശയുടെ 50% വും ഈടാക്കി വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

**ഈ പദ്ധതി കാലയളവിൽ കുടിശ്ശിക മുഴുവൻ തീർക്കുന്ന എല്ലാ വായ്പകൾക്കും പിഴപ്പലിശ ഒഴിവാക്കി താഴെപ്പറയും പ്രകാരവും ഇളവുകൾ കണക്കാക്കാവുന്നതാണ്.**

| **കാലാവധി** | **സെക്യേർഡ് വായ്പകൾക്കുള്ള പലിശയിളവ് (പലിശ തുകയുടെ)** |
|---|---|
| 12 തവണ മുതൽ 36 തവണ വരെ കുടിശ്ശികയായ വായ്പകൾ | 5% |
| 36 തവണ മുതൽ 48 തവണ വരെ കുടിശ്ശികയായ വായ്പകൾ | 10% |
| 48 തവണ മുതൽ 60 തവണ വരെ കുടിശ്ശികയായ വായ്പകൾ | 15% |
| 60 തവണ മുതൽ 72 തവണ വരെ കുടിശ്ശികയായ വായ്പകൾ | 20% |
| 72 തവണക്ക് മുകളിൽ കുടിശ്ശികയായ വായ്പകൾ | 25% |

- **<u>ക്യാഷ് ക്രെഡിറ്റ്, ഓവർ ഡ്രാഫ്റ്റ്</u>**

1. കാലാവധി കഴിഞ്ഞ് 3 വർഷത്തിന് മുകളിലായ ഓവർഡ്രാഫ്റ്റ്, പ്രസ്തുത വായ്പകളുടെ മുതൽ എന്നാൽ NPA തീയതിയിലെ ബാക്കിനിൽപ്പ് തുകയായിരിക്കും.
2. കാലാവധി അവസാനിച്ച 2 ലക്ഷം വരെയുള്ള CC/OD വായ്പകളിൽ മുതലും മുതലിനു തുല്യം പലിശയിലും 2 ലക്ഷത്തിനു മുകളിൽ മുതലും മുതലിനു തുല്യം പലിശയും അതിനുശേഷം മുതലിനെ അധികരിക്കുന്ന പലിശയുടെ 50% വും ഈടാക്കിയും വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.

- **അൺസെക്യേർഡ് വായ്പകൾ**

NPA ആയതും, കാലാവധി കഴിഞ്ഞതും വസ്തു ജാമ്യം സ്വീകരിക്കാതെ അനുവദിച്ച നൽകിയതുമായ വ്യാപാർ വായ്പ, കോ-ബാങ്ക് അഭയ, സമൃദ്ധി കാർഡ് വായ്പ, വാഹന വായ്പ, DCA വായ്പ, Suit Filed വിഭാഗത്തിലേക്ക് മാറ്റിയ വായ്പ, കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ച മുൻ ജില്ലാ സഹകരണ ബാങ്കുകൾ വസ്തു ജാമ്യം സ്വീകരിക്കാതെ അനുവദിച്ച നൽകിയ സമാനമായ വായ്പകൾ, സമൃദ്ധി വായ്പകൾ, വ്യക്തിഗത ഓവർഡ്രാഫ്റ്റുകൾ എന്നീ വായ്പകൾക്ക് ബാധകമായിരിക്കും.

| **കാലാവധി** | **അൺസെക്യേർഡ് വായ്പകൾക്കുള്ള പലിശയിളവ് (പലിശ തുകയുടെ)** |
|---|---|
| 12 തവണ മുതൽ 36 തവണ വരെ കുടിശ്ശികയായ വായ്പകൾ | 10% |
| 36 തവണ മുതൽ 48 തവണ വരെ കുടിശ്ശികയായ വായ്പകൾ | 20% |
| 48 തവണ മുതൽ 60 തവണ വരെ കുടിശ്ശികയായ വായ്പകൾ | 30% |
| 60 തവണ മുതൽ 72 തവണ വരെ കുടിശ്ശികയായ വായ്പകൾ | 40% |
| 72 തവണക്ക് മുകളിൽ കുടിശ്ശികയായ വായ്പകൾ | 50% |

**ടി പദ്ധതിയിൽ ഉൾപ്പെടുന്ന അൺസെക്യേർഡ് വായ്പകൾ താഴെപ്പറയും പ്രകാരവും പലിശ കണക്കാക്കി തീർപ്പാക്കാവുന്നതാണ്.**

| | | |
|---|---|---|
| A | മറ്റ് വരുമാന മാർഗ്ഗങ്ങളോ, ആസ്തികളോ യാതൊന്നും തന്നെയില്ലാത്ത വിഭാഗത്തിൽ-പ്പെടുന്ന **6** വർഷത്തിലധികമായി കുടിശ്ശികയായി നിൽക്കുന്ന പരസ്പര ജാമ്യത്തിൽ വ്യാപാരികൾക്ക് നൽകിയ വ്യാപാർ വായ്പ (സമാനമായ വ്യവസ്ഥകളിൽ ജില്ലാ ആഫീസുകളുടെ ശാഖകൾ വിതരണം ചെയ്ത വായ്പകളും), Suit Filed വിഭാഗത്തിൽപെട്ട | NPA തീയതിയിലെ മുതൽ തുക + മറ്റ ചെലവുകൾ (കേസ് ചെലവുകൾ മുതലായവ) |

| | | |
|---|---|---|
| | അൺസെക്യേർഡ് വായ്പകൾ, DCA വായ്പ, കോ-ബാങ്ക് അഭയ, സമൃദ്ധി കാർഡ്, വാഹന വായ്പ മുതലായ വായ്പകൾ | |
| B | **സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിൽ നൽകിയ വ്യക്തിഗത വായ്പകൾ (സമൃദ്ധി, വ്യക്തിഗത, ഓവർഡ്രാഫ്റ്റ് വായ്പകൾ)** | |
| | **31.03.2015** വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ച ടി വായ്പകൾ | NPA തീയതിയിലെ മുതൽ തുക + 4% സാധാരണ പലിശ + മറ്റ് ചെലവുകൾ. |
| | **01.04.2015** മുതൽ **31.03.2017** വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ച ടി വായ്പകൾ | NPA തീയതിയിലെ മുതൽ തുക + പരമാവധി 6% സാധാരണ പലിശ + മറ്റ് ചെലവുകൾ |
| | **01.04.2017 മുതൽ 31.03.2020** വരെയുള്ള കാലയളവിൽ കാലാവധി അവസാനിച്ച വായ്പകൾ | NPA തീയതിയിലെ മുതൽ തുക + 9% സാധാരണ പലിശ + മറ്റ് ചെലവുകൾ |
| C | **വിദ്യാഭ്യാസ വായ്പ** | |
| | **30.11.2022** ലോ അതിന് മുമ്പോ NPA ആയ വ്യക്തിഗത ജാമ്യത്തിന്മേൽ നൽകിയിട്ടുള്ള 4 ലക്ഷം രൂപവരെയുള്ള വിദ്യാഭ്യാസ വായ്പകൾ | ആകെ അനുവദിച്ച തുക + 4% സാധാരണ പലിശ + മറ്റ് ചെലവുകൾ |
| D | **സ്വർണ്ണപണയ വായ്പകൾ** | |
| | ലേല നടപടികളിലൂടെ പണയ ഉരുപ്പടികൾ വിൽപ്പന നടത്തിയ ശേഷവും ബാക്കിനിൽപ്പുള്ള സ്വർണ്ണപ്പണയ വായ്പാ അക്കൗണ്ടുകളിലെ തുക ഈടാക്കുന്നതിനായി മുതൽ തുക പൂർണ്ണമായും ലഭ്യമായെങ്കിൽ ഈടാക്കുവാനുള്ള പലിശയിന്മേൽ വായ്പാക്കാരന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകി | |

| | |
|---|---|
| | വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് അദാലത്ത് കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |
| E | **എസ്.എച്ച്.ജി/ജെ.എൽ.ജി വായ്പകൾ** |
| | കുടിശ്ശികയായതും 100% കരുതൽ വയ്ക്കേണ്ടതുമായ എസ്.എച്ച്.ജി/ജെ.എൽ.ജി വായ്പകൾ കുടിശ്ശിക അവസാനിപ്പിക്കുന്നപക്ഷം ബാക്കിനിൽപ്പ് പലിശയുടെ 50% വരെ ഇളവ് ചെയ്ത് നൽകാവുന്നതാണ്. |
| F | **അംഗസംഘങ്ങളുടെ കുടിശ്ശിക വായ്പകൾ** |
| | അംഗസംഘങ്ങൾ (നാമമാത്ര അംഗസംഘങ്ങൾ ഉൾപ്പെടെ) എടുത്തിട്ടുള്ളതും **3** വർഷത്തിലധികമായി കിട്ടാക്കടമായി നിൽക്കുന്നതുമായ വായ്പകളിൽ (ഓവർഡ്രാഫ്റ്റ്/ ക്യാഷ് ക്രെഡിറ്റ് ഉൾപ്പെടെ) കുടിശ്ശിക പരിഹരിക്കുന്നതിലേക്ക് കൂടുതൽ ഇളവുകൾ ആവശ്യമെന്ന് തോന്നുന്നപക്ഷം ജില്ലാതല കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി പലിശയിൽ പരമാവധി 50% വരെയും പിഴപ്പലിശ, മറ്റ് നടപടി ചെലവുകൾ എന്നിവ പൂർണ്ണമായോ ഭാഗീകമായോ ഇളവ് ചെയ്തും നൽകാവുന്നതാണ്. |

**<u>കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ പദ്ധതി</u>**

**വിവിധ വായ്പകളിൽ ഒരു വായ്പക്കാരന് പരമാവധി നൽകാവുന്ന ആനുകൂല്യം താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു**

| ക്രമ നം | അടച്ചു തീർക്കേണ്ട പരമാവധി രൂപയിൽ കുടിശ്ശിക മുതൽ | നൽകാവുന്ന പരമാവധി പലിശയിളവ് |
|---|---|---|
| 1 | 1 ലക്ഷം രൂപ വരെ | പരിധിയില്ല |
| 2 | 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 150000/- |
| 3 | 3 ലക്ഷം മുതൽ 5 ലക്ഷം വരെ | 180000/- |
| 4 | 5 ലക്ഷത്തിന് മുകളിൽ | 200000/- |

**<u>മറ്റ് ആനുകൂല്യങ്ങൾ</u>**

1. കാലാവധി കഴിഞ്ഞ ഹ്രസ്വകാല വായ്പകൾക്ക് നിൽപ്പ് മുതലും തുല്യമായി തുക പലിശയായും അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാവുന്നതാണ്.
2. കാലാവധി കഴിഞ്ഞ കാർഷിക കാർഷികേതര വായ്പ അനുവദിച്ച് തുക 50000 രൂപയോ അതിന് താഴെയോ-

| | | | |
|---|---|---|---|
| | | | പലിശയുടെ 25% അടച്ച് കടം അവസാനിപ്പിക്കാവുന്നതാണ്.<br>3. കാലാവധി കഴിഞ്ഞ വായ്പകളിൽ അനുവദിച്ച തു 50000/- രൂപയോ അതിന് താഴെയോ ആണെങ്കിൽ ബാക്കി നിൽപ്പ് തുക 10000/- രൂപയോ അതിന് താഴെയോ ആണെങ്കിൽ മുതൽ മാത്രം അടച്ച് കടം കണക്കവസാനിപ്പിക്കാവുന്നതാണ്.<br>4. മരണമടഞ്ഞവരുടെയും വായ്പയെടുത്തതിന് ശേഷം കാൻസർ, ഹൃദ്രോഗം, തളർവാദം, കിഡ്നി സംബന്ധമായ അസുഖങ്ങൾ, മാനസിക രോഗം, അപകടങ്ങൾ മൂലം ഉണ്ടാകുന്ന പൂർണ്ണ ശാരീരിക വൈകല്യം എന്നിങ്ങനെ മാറാരോഗം ബാധിച്ചവരുടെയും വായ്പകൾക്കും ഈ പദ്ധതിയിലൂടെ ഇളവുകൾ നൽകുന്നു.<br><br>**പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശിക ആയിട്ടുള്ളവരും പ്രളയ ദുരന്തം നേരിട്ടവർക്കും ഈ പദ്ധതിയിലൂടെ ഇളവുകൾ നൽകുന്നു.** |

സെക്ഷൻ ഓഫീസർ